പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 324 25.06.2012-ൽ മറുപടിയ്ക്ക്

നഗര സുരക്ഷാ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പോലീസിന്റെ സഹായത്തോടെ നഗരസുരക്ഷാ പരിപാടി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) അത്യാധുനിക ക്യാമറകൾ സ്ഥാപിച്ച് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നഗരങ്ങളെ മുഴുവൻ ഒരു പൊതു സുരക്ഷാ നിരീക്ഷണ മേഖലയാക്കി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നഗര സുരക്ഷയുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി Safe Kochi Secure Kochi എന്ന പേരിൽ കൊച്ചി സിറ്റിയിൽ ഒരു integrated digital security plan -ന് ആരംഭമായിട്ടുണ്ട്. 24 മണിക്കൂറും ക്യാമറാ നിരീക്ഷണത്തിൽക്കൂടി സിറ്റിയുടെ സുരക്ഷ വർദ്ധിപ്പിക്കുവാനാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. തലസ്ഥാന നഗരമായ തിരുവനന്തപുരത്തിന്റെ സുരക്ഷയ്ക്കായി Swift Action Team (SWAT) എന്ന പേരിൽ ഒരു കമാൻഡോ വിംഗ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. നഗര സുരക്ഷയുടെ ഭാഗമായി "മെഗാ സിറ്റി പോലീസിംഗ്" സംവിധാനം കൊച്ചി സിറ്റിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നഗരങ്ങളിൽ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി Operation Sweep എന്ന പദ്ധതി പോലീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം ഏജൻസികളെയാണ് പങ്കാളികളാക്കാനുദ്ദേശിക്കുന്നത്; | (ബി) Safe Kochi Secure Kochi എന്ന പദ്ധതി സ്വകാര്യ/സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. Swift Action Team (SWAT), മെഗാസിറ്റി പോലീസിംഗ് എന്നീ പദ്ധതികളിൽ നിർവ്വഹണ |

ഏജൻസികളുടെ കാര്യം തീരുമാനമായിട്ടില്ല. Operation Sweep എന്ന പദ്ധതി, പോലീസ് സേനയ്ക്ക് പുറമെ വിവിധ സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(സി) ആദ്യ ഘട്ടത്തിൽ ഏതെല്ലാം നഗരങ്ങളിലാണ് ഇത് നടപ്പാക്കുന്നത്;

(സി) Safe Kochi Secure Kochi, എന്ന പദ്ധതി കൊച്ചി സിറ്റിയിലാണ് നടപ്പിലാക്കുന്നത്. മെഗാസിറ്റി പോലീസിംഗ് എന്ന പദ്ധതി കൊച്ചിയിലും Swift Action Team (SWAT) എന്ന പദ്ധതി തലസ്ഥാന നഗരമായ തിരുവനന്തപുരത്തും ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. Operation sweep എന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

(ഡി) സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഇതു വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

(ഡി) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി വരുന്ന പദ്ധതികൾ വിജയം കാണുന്ന പക്ഷം എല്ലാ നഗരങ്ങളിലേയ്ക്കും ഈ പദ്ധതികൾ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

324

# വിശദീകരണ കുറിപ്പ്

അത്യാധുനിക ക്യാമറകൾ സ്ഥാപിച്ച് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നഗരങ്ങളെ മുഴുവൻ ഒരു പൊതു സുരക്ഷാ നിരീക്ഷണ മേഖലയാക്കി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നഗര സുരക്ഷയുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി Safe Kochi Secure Kochi എന്ന പേരിൽ കൊച്ചി സിറ്റിയിൽ integrated digital security plan -ന് ആരംഭമായിട്ടുണ്ട്. 24 മണിക്കൂറും ക്യാമറാ നിരീക്ഷണത്തിൽക്കൂടി സിറ്റിയുടെ സുരക്ഷ വർദ്ധിപ്പിക്കുവാനാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. Safe Kochi Secure Kochi എന്ന പദ്ധതി സ്വകാര്യ/സർക്കാർ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തലസ്ഥാന നഗരമായ തിരുവനന്തപുരത്തിന്റെ സുരക്ഷയ്ക്കായി Swift Action Team (SWAT) എന്ന പേരിൽ ഒരു കമാൻഡോ വിംഗ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. നഗര സുരക്ഷയുടെ ഭാഗമായി "മെഗാസിറ്റി പോലീസിംഗ്" സംവിധാനം കൊച്ചി സിറ്റിയിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നഗരങ്ങളിൽ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി Operation Sweep എന്ന പദ്ധതി പോലീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. Operation Sweep എന്ന പദ്ധതി പോലീസ് സേനയ്ക്ക് പുറമെ വിവിധ സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മെഗാസിറ്റി പോലീസിംഗ് എന്ന പദ്ധതി കൊച്ചിയിലും Swift Action Team (SWAT) എന്ന പദ്ധതി തലസ്ഥാന നഗരമായ തിരുവനന്തപുരത്തും ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. Operation sweep എന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി വരുന്ന പദ്ധതികൾ വിജയം കാണുന്ന പക്ഷം എല്ലാ നഗരങ്ങളിലേയ്ക്കും ഈ പദ്ധതികൾ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.